# പതിനാലാം കേരള നിയമസഭ
# രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.974** **30.09.2016 ൽ മറുപടിയ്ക്ക്**

## മാരക കീടനാശിനി പ്രയോഗിച്ച പച്ചക്കറികളുടെ നിയന്ത്രണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.വി. വിജയദാസ് | ശ്രീ. വി.എസ്.സുനിൽ കുമാർ<br>(ബഹു.കൃഷി വകുപ്പ് മന്ത്രി) |

(എ) മാരകമായ കീടനാശിനി ഉപയോഗിച്ച് കൃഷി ചെയ്ത പച്ചക്കറികളുടെ നിയന്ത്രണത്തിനും അവ ചെക്ക് പോസ്റ്റുകളിൽ പരിശോധന നടത്തുന്നതിനും എന്തെല്ലാം നടപടികളാണ് നിലവിൽ സ്വീകരിച്ചു വരുന്നത്; വിശദവിവരം നൽകുമോ;

(എ) ചെക്ക്പോസ്റ്റുകളിൽ പരിശോധന നടത്തുന്നതിന് നിലവിൽ സംവിധാനങ്ങളില്ല. എന്നാൽ തിരുവനന്തപുരം വെള്ളയാണി കാർഷിക കോളേജിലും ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് കേന്ദ്രങ്ങളിലും വിഷാംശം പരിശോധിച്ചു കണ്ടെത്തുന്നതിനുള്ള സൗകര്യം ലഭ്യമാണ്. ഇത്തരം സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിനും കൂടുതൽ കേന്ദ്രങ്ങളിൽ ലഭ്യമാക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ വിഷരഹിത ജൈവ പച്ചക്കറികളുടെ വ്യാപനത്തിനായി ബൃഹത്തായ പദ്ധതികളാണ് നടപ്പാക്കി വരുന്നത് ഇതുസംബന്ധിച്ച് ബോധവൽക്കരണ പരിപാടികളും നടപ്പാക്കി വരുന്നുണ്ട്.

(ബി) ഇപ്രകാരം സ്വീകരിച്ചുവരുന്ന നടപടികൾ ഫലപ്രദമാണെന്ന് കരുതുന്നുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്;

(ബി) നടപ്പാക്കി വരുന്ന പദ്ധതികൾ മൂലം വലിയതോതിലുള്ള അവബോധം സൃഷ്ടിക്കുന്നതിനും ജൈവപച്ചക്കറികൃഷി വ്യാപിപ്പിക്കുന്നതിനും വിഷലിപ്ത പച്ചക്കറി വിപണനവും ഉപഭോഗവും ഒരു പരിധിവരെ തടയുന്നതിനും സാധിച്ചിട്ടുണ്ട്.

(സി) ഇക്കഴിഞ്ഞ ഓണക്കാലത്ത് മാരക കീടനാശിനി പ്രയോഗിച്ച് കൃഷി ചെയ്ത പച്ചക്കറികൾ കേരളത്തിലേക്ക് കൊണ്ടുവന്നതിന്റെ അടിസ്ഥാനത്തിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്; വിശദവിവരം നൽകുമോ?

(സി) ഇത്തരം കേസുകളൊന്നും റിപ്പോർട്ടുചെയ്യപ്പെട്ടിട്ടില്ല. ഓണം സമൃദ്ധി സ്റ്റാളുകൾ വഴി വിഷരഹിത പച്ചക്കറികൾ കർഷകരിൽ നിന്നും നേരിട്ട് ശേഖരിച്ച് സബ്സിഡി നിരക്കിൽ ജനങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**